പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 247

# 2020-ലെ കേരള സംസ്ഥാന വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 247

# 2020-ലെ കേരള സംസ്ഥാന വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

162/2020.

# 2020-ലെ കേരള സംസ്ഥാന വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനുംവേണ്ടി

ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി

വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനും, പെൻഷൻ നൽകുന്നതിനുംവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം നിർമ്മിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—

(1) ഈ ആക്ടിന് "2020-ലെ കേരള സംസ്ഥാന വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ആക്ട്" എന്ന പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിന്റെ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്ന എല്ലാ തൊഴിലാളികളും,—

ഈ ആക്ടിന്റെ ആവശ്യത്തിനായി ഒരാൾ യഥാർത്ഥ തൊഴിലാളിയാണോ, അല്ലയോ എന്ന് എന്തെങ്കിലും പ്രശ്നം ഉണ്ടാകുകയാണെങ്കിൽ ആ പ്രശ്നം സർക്കാരിനോ, ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രജിസ്റ്റേർഡ്/അംഗീകൃത ഏജൻസികൾക്കോ, റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെയോ, ആ ഏജൻസിയുടെയോ തീരുമാനം അന്തിമമായിരിക്കും;

(ബി) ബോർഡ് എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 9-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) അംശദായം എന്നാൽ 6-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ട പണത്തിന്റെ തുക എന്നർത്ഥമാകുന്നു;

(ഇ) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എഫ്) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജി) നിർണ്ണയിക്കപ്പെട്ട എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ തൊഴിലാളി ക്ഷേമനിധി പദ്ധതി.</u>—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ ആക്ടിന്റെ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാനത്തെ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതാണ്.

4. <u>നിധിയിൽ താഴെ പറയുന്ന വരവ് ഉൾക്കൊള്ളിക്കേണ്ടതാണ്.</u>—

(എ) അംശദായങ്ങൾ;

(ബി) ബോർഡ് കടം വാങ്ങിയ തുക;

(സി) 6 -ാം വകുപ്പ് പ്രകാരം വസൂലാക്കപ്പെട്ട നഷ്ടപരിഹാരം;

(ഡി) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുമുള്ള ഏതൊരു സംഭാവനയും;

(ഇ) പദ്ധതി പ്രകാരം ലെവി ചെയ്യപ്പെട്ട ഫീസ്;

(എഫ്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

5. നിധി താഴെ പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.—

(1) അവശതയോ രോഗങ്ങളോ കാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകുകയോ, 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന ഒരംഗത്തിന് പെൻഷൻ നൽകുന്നതിന്;

(2) ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലിയിൽ ഏർപ്പെടുകയോ, 60 വയസ്സ് കഴിയുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ, തൊഴിലില്ലാതിരിക്കുകയോ, ചെയ്യുന്ന ആളിന് ഒരു നിശ്ചിത പെൻഷൻ നൽകുന്നതിന്;

(3) സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(4) വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

(5) മക്കളുടെ വിദ്യാഭ്യാസ സഹായം നൽകുന്നതിന്;

(6) തൊഴിലാളിയുടെയും കുടുംബത്തിന്റെയും ചികിത്സാ ആനുകൂല്യങ്ങളും, ഏതെങ്കിലും തൊഴിലാളി മരണപ്പെട്ടാൽ ആ കുടുംബത്തിന് മരണാനന്തര സഹായവും നൽകുന്നതിന്.

6. നിധിയിലേയ്ക്കുള്ള അംശദായം.—(1) വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ തൊഴിലാളിയും ഓരോ മാസവും നൂറു രൂപ വീതം അംശദായം നൽകേണ്ടതാണ്;

(2) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ഈ ആവശ്യത്തിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

7. തിരിച്ചറിയൽ കാർഡ്.—വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ തൊഴിലാളിക്കും തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

8. <u>ബോർഡിന്റെ രൂപീകരണം.</u>—(1) സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ, അത് നടപ്പിലാക്കുകയോ ചെയ്യാനും വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാവുന്നതാണ്;

(2) ബോർഡിൽ സർക്കാർ നിയമിക്കുന്ന അത്രയും എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കേണ്ടതുമാണ്;

(3) ബോർഡിലെ ചെയർമാന്റേയും ഡയറക്ടർമാരുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്;

(4) ബോർഡിലെ അംഗങ്ങളിൽ ഒരാളെ ചെയർമാനാക്കേണ്ടതാണ്;

(5) വീഡിയോ-ഫോട്ടോഗ്രാഫി രംഗത്തെ പ്രതിനിധികളെ ഡയറക്ടർ ബോർഡിൽ തെരഞ്ഞെടുക്കേണ്ടതാണ്;

(6) ഇങ്ങനെ ബോർഡിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ 5 വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്;

(7) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥൻ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കുന്നതാണ്.

9. <u>ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും നിയമനം.</u>—സർക്കാരിന് ഈ ആക്ട് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിനുമായി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും ആവശ്യമെങ്കിൽ മറ്റ് ഉദ്യോഗസ്ഥരേയും നിയമിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം അൻപതിനായിരത്തിലധികം തൊഴിലാളികൾ വീഡിയോ-ഫോട്ടോഗ്രാഫി രംഗത്ത് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് ഇപ്പോൾ ഒരു ക്ഷേമനിധി നിലവില്ല. ഇവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവരുടെ കുടുംബത്തെ സഹായിക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. മേൽപ്പറഞ്ഞ ഉദ്ദേശം നിറവേറ്റപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

162/20

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ 6-ാം ഖണ്ഡപ്രകാരം ഓരോ രംഗത്തെ വീഡിയോ-ഫോട്ടോഗ്രാഫി തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളയാളും നിധിയിലേക്ക് മാസംതോറും 100 രൂപ അംശദായകമായി നൽകേണ്ടതാണ്. ഇത്തരം തൊഴിലാളികളുടെ എണ്ണം ഏകദേശം അൻപതിനായിരം വരുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന് ഈ ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് യാതൊരുവിധ ബാധ്യതകളും ഉണ്ടാകുന്നതല്ല .

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ ആക്ട് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ ഒന്നാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

വി. പി. സജീന്ദ്രൻ, എം.എൽ.എ.